(എ) നെയ്യാറിൻകര താലൂക്കിൽ പെരുംപഴുതൂർ പഞ്ചായത്തിൽപെട്ട ഓലത്താന്നി വാർഡിൽ ചിറ്റാക്കാട് പി. ഡബ്ലിയു. ഡി. വക സർവ്വേ 186/1എ, 187/1-എയിൽ ഉൾപ്പെട്ട ഉദ്ദേശം 31 സെൻറ് പുറമ്പോക്കുഭൂമി ബന്ധപ്പെട്ട പഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിനു സമ്മതിച്ചുകൊണ്ട് റവന്യൂ വകുപ്പ് 13-6-1986-ൽ ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് അനന്തരനടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. അടിയന്തിര പ്രമേയം

മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഭരണഘടനാനുസൃതമായ സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന കോടതി പരാമർശനത്തെത്തുടർന്നുളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം

മി. സ്പീക്കർ: 1985 മേയ് മാസം ഇരുപത്തിയഞ്ചാം തിയതി പഞ്ചാബ് മോഡൽ പ്രസംഗത്തെത്തുടർന്ന് ജൂണിൽ രാജിവച്ച് വീണ്ടും മന്ത്രിയായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പ്രസ്തുത പ്രസംഗത്തിൽ കൂടി ഭരണഘടനാനുസൃതമായ സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന് ഹൈക്കോടതി പ്രസ്താവിച്ചിരിക്കെ, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തെ വീണ്ടും മന്ത്രിയാക്കിയ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും അധികാരത്തിൽ തുടരുന്നതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഇ. കെ. നായനാർ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. ബേബിജോൺ, ശ്രീ. കെ. ചന്ദ്രശേഖരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നമ്മുടെ നിയമസഭയുടെ RULES OF PROCEDURE AND CONDUCT OF BUSINESS അൻപത്തിരണ്ടാം വകുപ്പ്, ഏഴാം ഉപവകുപ്പിൽ പറയുന്നത്, the motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India; ഈ പ്രശ്നം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ പ്രശ്നം പരിശോധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതിൻമേൽ അവസാനതീരുമാനം എടുത്തിട്ടില്ല. മുഖ്യമന്ത്രിക്ക് ഒരു മന്ത്രിയെ നിയമിക്കുവാനുള്ള ഭരണഘടന 226-ാം വകുപ്പനുസരിച്ച് ഉള്ള അധികാരത്തെ കോടതിക്ക് ചോദ്യം ചെയ്യാമോയെന്നുള്ള മൗലികമായ നിയമപ്രശ്നമാണ് ഇവിടെയുള്ളത്. ആ പ്രശ്നത്തിൻമേൽ

LIBRARY ARCHIVES Kerala Legislative Assembly

കോടതിക്ക് പരിശോധിക്കുവാനുള്ള അധികാരമില്ലെന്നാണ് ഗവൺമെൻറ് കോടതിയെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളത്. കോടതിക്ക് ഇത് പരിശോധിക്കുവാൻ അധികാരമില്ലെന്ന് അന്തിമമായ ഒരു തീരുമാനമുണ്ടാവുകയാണെങ്കിൽ അതിനിടയിലുള്ള പരാമർശനങ്ങളും അതോടുകൂടി നിൽക്കുന്നു. അതുകൊണ്ട് മുഖ്യമന്ത്രിയുടെ നിയമനാധികാരത്തെ ചോദ്യം ചെയ്യാൻ കോടതിക്ക് അവകാശമുണ്ടോയെന്നുള്ള കാര്യം പരിശോധിച്ചതിനുശേഷം ഇതിൻമേൽ ഒരു തീരുമാനമെടുക്കാമെന്ന് ബഹുമാനപ്പെട്ട കോടതിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനെക്കുറിച്ച് പരിശോധിക്കുന്നതിനുവേണ്ടി ഡിവിഷൻ ബഞ്ചിന് റെഫർചെയ്ത സാഹചര്യത്തിൽ ആ പരിശോധന കഴിയുന്നതുവരെ തുടർന്നുള്ള നടപടികളും നടത്തേണ്ടതായിട്ടില്ല. The writ petition will be finally disposed of after the expression of opinion of the Division Bench. This Office will place the papers to Hon. Chief Justice for appropriate orders for the above purpose.

അപ്പോൾ ഈ മൗലികമായ പ്രശ്നത്തിൻമേൽ കോടതി തീരുമാനമെടുത്തിട്ടില്ല. This is the judgement and a part of an order.

ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ ഡിവിഷൻ ബഞ്ചിനെ സമീപിച്ചപ്പോൾ ഡിവിഷൻ ബഞ്ച് അക്കാര്യത്തിൽ നൽകിയിട്ടുള്ള പരാമർശനങ്ങളും വളരെ പ്രസക്തമാണ്. ഡിവിഷൻ ബഞ്ച് പറയുന്നത്, The learned single Judge expressed himself very clearly though it was not necessary while making an order of reference. The writ petition will be finally disposed after the Division Bench answers the question referred to it. It is therefore obvious that the final decision or directions have been issued by the learned single Judge which are of a binding character. അതുകൊണ്ട് .....(ബഹളം).....
അതുകൊണ്ട് ബഹുമാനപ്പെട്ട കോടതി ഇതിൻമേൽ തീരുമാനമെടുക്കാതിരിക്കുകയും ആ തീരുമാനം ബാധകമല്ലെന്ന് സിങ്കിൾ ബഞ്ചിൽ നിന്നും റെഫർ ചെയ്തിട്ടുള്ള അപ്പലെറ്റ് അതോറിറ്റി നിഗമനത്തിലെത്തുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഇന്ന് അത് അഡ്ജുഡിക്കേഷനിലിരിക്കുകയാണ്. അങ്ങനെ ഇരിക്കുന്ന ഒരു വിഷയം പർച്ചെയ്യുന്നത് സബ്ജുഡിസാണ്. അതുകൊണ്ട് ഇത് അനുവദിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.....
.....(ബഹളം).....
അതുകൊണ്ട് ഇത് ഓർഡറിലല്ല.

ഡോ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ മുമ്പിൽ ഇതിനെ ഒബ്ജക്ട് ചെയ്തതുകൊണ്ട് ഒരു ക്രമപ്രശ്നം ഉന്നയിച്ചിരിക്കുകയാണ്. അതുകൊണ്ട് അത് തീരുമാനമെടുക്കുന്നതിനുമുമ്പ് പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അനുവാദം കൊടുക്കുന്നത് ശരിയല്ല.....(ബഹളം).....

ശ്രീ. ബേബി ജോൺ: സർ, പോയിൻറ് ഓഫ് ഓർഡറനുസരിച്ച് അത് തീരുമാനമെടുക്കുന്നതിനുമുമ്പ് തീരുമാനമെടുക്കുവാൻ സഹായകരമായ ചില വസ്തുതകൾ ഞങ്ങൾക്ക് പറയാനുള്ളതുകൂടി കേട്ടിട്ട് തീരുമാനമെടുക്കണം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തിരിക്കുകയാണ്. അതിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. ബേബി ജോൺ: പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകുന്നതിനുമുമ്പ് അങ്ങയുടെ അറിവിനുവേണ്ടി ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമായിട്ട് ആശ്രയിച്ചത്.....
.....(ബഹളം).....
ബഹുമാന്യനായ സഭാനേതാവ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചുകൊണ്ട് റൂൾ 52-നെയാണ് ആശ്രയിച്ച് സംസാരിച്ചത്. അതിൽ (vii)-ൽ പറയുന്നത്. the motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India എന്നതിനെ ആശ്രയിച്ചാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളതിതാണ്. ഹൈക്കോടതി വിധിയെക്കുറിച്ച് ചില പരാമർശനങ്ങളുണ്ട്. ഹൈക്കോടതി വിധിയിൽ രണ്ടു ഭാഗങ്ങളുണ്ട്.
.....(ബഹളം).....
കോടതിയിൽ നിലവിലിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് നിയമസഭയിൽ ചർച്ചചെയ്യണമെന്നാണല്ലോ? ഇപ്പോഴത്തെ 'കോടതിയിൽ ഒരു പെൻഡിംഗ്' ആണുള്ളത്.....(ബഹളം).....
ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ച ഭാഗങ്ങളിൽ ഹൈക്കോടതി ജഡ്ജി പറഞ്ഞിരിക്കുന്നത്.....

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഈ പോയിന്റ് ഓഫ് ഓർഡർ ഡിസ്പോസ് ചെയ്തിട്ട് പറയാം. അങ്ങ് ഈ പോയിന്റ് ഓഫ് ഓർഡറിനെക്കുറിച്ചാണോ പറയുന്നത്, അതോ പുതിയൊരു പോയിന്റ് ഓഫ് ഓർഡറിനെക്കുറിച്ചാണോ?

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ചത് ഒരു കോർട്ട് ജഡ്ജ്മെന്റാണ്.

ശ്രീ. കെ. എം. മാണി: ഇത് റെഫർ ചെയ്യാൻ അവകാശമില്ലെന്നുള്ളതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. ഈ റെഫറൻസ് തെറ്റാണ്. റൂൾ 224 അനുസരിച്ച് ഈ റെഫറൻസ് തെറ്റാണ്.

ശ്രീ. ബേബി ജോൺ: ഡിവിഷൻ ബഞ്ച് റെഫർ ചെയ്തിരിക്കുന്നത്; Whether the High Court can in the exercise of its powers under 226 of the Constitution declare an appointment of a Minister made under Artcile 164 of the Constitution, Un-Constitutional. ഞാൻ പറഞ്ഞ പരാമർശനങ്ങളും മാത്രമാണ് ഇപ്പോൾ സിങ്കിൾ ബഞ്ച് റെഫർ ചെയ്ത ഡിവിഷൻ ബഞ്ചിന്റെ മുമ്പിലുള്ളത്. കോടതിക്ക് ഇങ്ങനെ Un-Constitutional ആയിട്ട് പ്രഖ്യാപിക്കുവാൻ സാധിക്കുമോയെന്നുള്ളതാണ് ഡിവിഷൻ ബഞ്ചിലേയ്ക്ക് റെഫർ ചെയ്തിരിക്കുന്ന പ്രശ്നം. ഇതാണ് കോടതിയുടെ സിങ്കിൾ ബഞ്ച് റെഫർ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Appointment of a Minister illegal ആണോ Un-Constitutional ആണോ എന്നു് ഡിക്ലെയർ ചെയ്യാൻ കോടതിക്കു് റൂൾ 226 അനുസരിച്ചു് അധികാരമുണ്ടു്. ഞങ്ങളും അക്കാര്യത്തെക്കുറിച്ചൊന്നും പരാമർശിക്കാൻ പോകുന്നില്ല. ഡിവിഷൻ ബഞ്ചിന്റെ റെഫറൻസിൽ പറയുന്നതു്, ...(ബഹളം).....
ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ മുമ്പിൽ ഇപ്പോഴും അപ്പീലില്ല. ഡിവിഷൻ ബഞ്ചു് പരാമർശിച്ചിരിക്കുന്നതു് .....
.....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സിങ്കിളം ബഞ്ചിന്റെ ജഡ്ജ്മെന്റു് ആയിട്ടില്ല. അതു് അഡ്ജുഡിക്കേഷനിൽ ഇരിക്കുകയാണു്. .....(ബഹളം).....

ശ്രീ. ബേബി ജോൺ: ഡിവിഷൻ ബഞ്ചു് അഡ്വക്കേറ്റു് ജനറലിന്റെ പെറ്റിഷനു പുറത്തുപറഞ്ഞിരിക്കുന്നതു്, If there is any grievance to be made in the record to the observations made by the learned Single Judge which are intended to have effect. In the meanwhile that could only be examined by an appropriate appeal, if competent and file before us. As learned, Advocate General submitted that he is making preparations to prefer an appeal. He will examine the question that may be brought before us in the said appeal.

There is no appeal.

സർ, ഒരു വാചകം കൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. കോടതിയുടെ ഫൈൻഡിംഗ്സു് ഫൈനലാണു്. അതായതു്, Breach of Oath; സത്യപ്രതിജ്ഞാലംഘനം നടത്തിയിരിക്കുന്നു എന്നുള്ളതു് ഈ നിമിഷംവരെ ഫൈനലായിരിക്കുകയാണു്. .....(ബഹളം).....
ഈ മുഖ്യമന്ത്രി ഭരണഘടനാവിരുദ്ധമായിട്ടാണു് നടപടി സ്വീകരിച്ചിരിക്കുന്നതു് എന്നുള്ളതാണു് finding.....(ബഹളം).....
റൂൾ 252 ഇതിൽ ആപ്ലിക്കബിളല്ല. കോടതിയുടെ ഡിവിഷൻ ബഞ്ചിൽ ഇരിക്കുന്ന ഒരു കാര്യവും ഞങ്ങളും പരാമർശിക്കുകയില്ല. അതുകൊണ്ടു് .....(ബഹളം).....

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, Under Rules of Procedure:—Rule 284 : A member while speaking shall not—

(i) refer to any matter of fact on which a judicial decision is pending;

My submission is that the Single Bench has not disposed of the writ petition. It has referred an issue for the consideration of the Division Bench. The Division Bench has not disposed of the case, it is pending. It is pending before the Single Bench. Therefore, a member cannot refer to any matter of fact on which the judicial decision is pending.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഒരു മെമ്പർക്ക് ഈ കാര്യത്തെപ്പറ്റി ഒരു റഫറൻസും പറയാൻ അവകാശമില്ല. It is pending before the High Court.

സിംഗിൾ ബഞ്ചുതന്നെ പറഞ്ഞിട്ടുണ്ട്, ഞാൻ ഇത് ഫൈനലായിട്ട് ഡിസ്പോസ് ചെയ്തിട്ടില്ല, ജുഡീഷ്യൽ റഫറൻസിന് വിട്ടിരിക്കയാണ്. ഡിവിഷൻ ബഞ്ചിന്റെ റഫറൻസിനുവേണ്ടി വിട്ടിരിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം ഡിസിഷൻ ഉണ്ടാകാതെ, ജൂറിസ്ഡിക്ഷൻ ഉണ്ടോ ഇല്ലയോ എന്നൊരു ഡൗട്ട് സിംഗിൾ ബഞ്ചിനുതന്നെ തോന്നിയതു കൊണ്ട് ജൂറിസ്ഡിക്ഷൻ ഉണ്ടോ എന്ന് ഉപദേശം തരണമെന്നു പറഞ്ഞ് ഡിവിഷൻ ബഞ്ചിന് കൊടുത്തിരിക്കുകയാണ്. ഡിവിഷൻ ബഞ്ചിന്റെ അഭിപ്രായം വരുമ്പോഴേ സിംഗിൾ ബഞ്ചിന്റെ അഭിപ്രായ പ്രകടനത്തിന് ജൂറിസ്ഡിക്ഷൻ ഉണ്ടോയെന്ന് അറിയുകയുള്ളൂ. അതിനുമുമ്പ് ഡിസിഷൻ ഫൈനലാകാത്ത സ്ഥിതിക്ക് മെമ്പേഴ്സ് നടത്തുന്ന ഈ റഫറൻസ് സഭയുടെ റെക്കാർഡിൽ ഉണ്ടാകാൻ പാടില്ല. അത് എക്സ്പഞ്ച് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.....
.....(ബഹളം).....

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ബഹുമാനപ്പെട്ട നിയമ വകുപ്പു മന്ത്രി പറഞ്ഞ കാര്യത്തെപ്പറ്റി രണ്ടുവാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം റൂൾ 284 നെപ്പറ്റിയാണ് പറഞ്ഞത്. A member while speaking shall not:—refer to any matter of fact on which a judicial decision is pending ഇതിൽ ഫാക്ട് ഇല്ലെന്നാണ് മനസ്സിലാകുന്നത്. ഫാക്ട് ഒക്കെ തീർന്നിരിക്കുന്നു. പോയന്റ് ഓഫ് ലാ ഉണ്ട്. ഡിക്ലറേഷൻ ഹൈക്കോടതിക്ക് കൊടുക്കാൻ പാടുണ്ടോ ഇല്ലയോ? ആ point of Constitutional Law പെൻഡിംഗാണ്. അതിനെപ്പറ്റി സംസാരിക്കാൻ പാടില്ല എന്നുള്ളതിനെപ്പറ്റി എനിക്ക് യാതൊരു സംശയവുമില്ല. ഞങ്ങളുടെ മോഷനിൽ ആ കാര്യത്തെപ്പറ്റി സ്പർശിച്ചിട്ടുപോലുമില്ല. രണ്ടാമതായി മോഷനിൽ റൂൾ 284 ഒരു കണക്കിനു ബാധകമല്ല. കാരണം റൂൾ 52 അഡ്ജേൺമെന്റ് മോഷനെ സംബന്ധിച്ചാണ്, അത് Self contained code ആണ്. Self contained code ഉള്ളപ്പോൾ ജനറൽ പ്രൊവിഷൻ ബാധകമല്ല. ജനറൽ പ്രൊവിഷൻ ഉള്ളപ്പോൾ സ്പെഷ്യൽ പ്രൊവിഷൻ അഡ്ജേൺമെന്റ് മോഷനെ സംബന്ധിച്ചിടത്തോളം ബാധകമാകും. ജനറൽ പ്രൊവിഷൻ ബാധകമല്ലെന്ന് സഭാവേദിയിൽ അറിയാവുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 52 (vii)-നെ സംബന്ധിച്ച് പറഞ്ഞു, 'The motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India.' ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ജഡ്ജ്മെന്റിനെപ്പറ്റി പറഞ്ഞു, അത് ജഡ്ജ്മെന്റല്ല, റഫറൻസ് കഴിഞ്ഞു മറ്റിവന്നിട്ടേ അത് ജഡ്ജ്മെന്റ് ആവുകയുള്ളൂ എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് ഇത് കേൾക്കാനിടയായത് വിനോദകരമാണ്. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ലീഗൽ അഡ്വൈസർമാർ കഴിഞ്ഞ വെള്ളിയാഴ്ച ഡിവിഷൻ ബഞ്ചിനെ ബോധിപ്പിച്ചതും ഇന്ന് അദ്ദേഹത്തിന്റെ ലീഗൽ അഡ്വൈസറായിട്ടുള്ള അഡ്വക്കേറ്റ് ജനറൽ, അഡീഷനൽ അഡ്വക്കേറ്റ് ജനറൽ ഇപ്പോൾ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിനെ ബോധിപ്പിച്ചുകൊണ്ടിരിക്കുന്നതും, അത് ജഡ്ജ്മെന്റല്ല എന്ന് എത്ര തന്നെ സിംഗിൾ ബഞ്ച് പറഞ്ഞാലും ഫൈനൽ ജഡ്ജ്മെന്റാണ്, അതിന് അപ്പീലുണ്ട്, അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ അപ്പീൽ ഫയൽ ചെയ്യുന്നത്, അപ്പീൽ ഫയൽ ചെയ്യണമെങ്കിൽ ഫൈനൽ ഡിസിഷനുണ്ടാകണം. അത് ഇൻറെറിം ഡിസിഷനായി കണക്കാക്കാൻ പാടില്ല എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും വ്യത്യസ്തമായ, പരസ്പര വിരുദ്ധമായ വാദമാണ് ഇന്ന് ഹൈക്കോടതിയിൽ ഉന്നയിക്കാൻ പോകുന്നത്. അപ്പീൽ ഫയൽ ചെയ്തിട്ട് എന്തെങ്കിലും ഒരു ഇൻറെറിം ഓർഡർ വരുന്നതുവരെ ബഹുമാനപ്പെട്ട സിംഗിൾ ബഞ്ച് പറഞ്ഞിട്ടുള്ള രണ്ടു കാര്യങ്ങൾ—സത്യപ്രതിജ്ഞാ ലംഘനവും ഭരണ ഘടനാപരമായിട്ട് നിയമ വിരുദ്ധമാണ് ഈ അപ്പോയിൻറ്മെൻറ് എന്നുള്ളതും—കൺകറ്റൻറ്സിവാണ്. അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ മേടിച്ചിട്ടുണ്ടെങ്കിൽ വീണ്ടും പെൻറിംഗ് ആകും. ആ നിലയിലാണ് ഞങ്ങൾ വളരെ ശ്രദ്ധാപൂർവ്വം, ഇന്നു രാവിലെ ഏതാണ്ട് ഒന്നര മണിക്കൂർ ചെലവാക്കിയാണ് ഈ അടിയന്തിരപ്രമേയം ഉണ്ടാക്കിയിട്ടുള്ളത്.. ഈ അടിയന്തിരപ്രമേയത്തിൻറെ അഡ്മിസിബിലിറ്റിയെ മുഖ്യമന്ത്രി ചോദ്യംചെയ്യുന്നത് ഇതിനെ നേരിടുവാനായി ഭയപ്പെട്ടുകൊണ്ടാണ്. ....(ബഹളം).....

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഒരു ക്ലാരിഫിക്കേഷൻ. ഞാൻ പറഞ്ഞ വിഷയം ശരിയല്ലെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതുകൊണ്ട് എനിക്ക് അത് ക്ലാരിഫൈ ചെയ്യേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞത് റൂൾ 284 ഒരു ഫാക്ടിനെ സംബന്ധിച്ചുള്ളതാണെന്നാണ്.

My submission is that any fact found by Single Bench has not become final, it will become final only when the Division Bench finds that the Single Bench has jurisdiction of the matter.

അപ്പോൾ ഡിവിഷൻ ബഞ്ച് ജൂറിസ്ഡിക്ഷനെപ്പറ്റി ഒരു തീരുമാനമെടുത്തു കൊടുത്തിട്ട് സിംഗിൾ ബഞ്ച് അതിൻറെ അടിസ്ഥാനത്തിൽ ഒരു ഫൈനൽ ഡിസിഷൻ പാസാക്കുമ്പോഴേ ബയിൻറിംഗ് ആയിട്ടുള്ള ഉത്തരവ് വരികയുള്ളൂ. അതിനുമുമ്പ് ഇവിടെ നടത്തപ്പെടുന്ന റഫറൻസ് നിയമവിരുദ്ധമാണ്, നിയമസഭാചട്ടങ്ങൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് ഇത് അനുവദിക്കാൻ പാടില്ല.

ശ്രീ. എ.സി. ജോസ്: സർ, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതിനെക്കുറിച്ച് ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. റൂൾ 52 ഒരു Self contained code ആണ്. അതുകൊണ്ടുതന്നെ ഈ പ്രമേയം ഇവിടെ ചർച്ച ചെയ്യാൻ പാടില്ല. കാരണം റൂൾ 234 ആണ് നാം ആധാരമാക്കുന്നതെങ്കിൽ അത് ഫാക്ടിനെക്കുറിച്ചാണ് പറയേണ്ടത്. റൂൾ 52 അനുസരിച്ച് ആണെങ്കിൽ അത് Binding-ഉം അല്ല. റൂൾ 52 (vii)-ൽ പറയുന്നത് the motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India.

ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറയുന്നത് ഞാൻ കേട്ടു. ഫാക്ടിനെക്കുറിച്ച് മാത്രമല്ല, ഫാക്ടായാലും ശരി, എന്തായാലും ശരി, റൂൾ 52 (vii) അനുസരിച്ച് കോടതിയുടെ കീഴിലിരിക്കുന്ന ഒരു കാര്യത്തെക്കുറിച്ചും ഈ സഭയിൽ ചർച്ച ചെയ്യാൻ പാടില്ലയെന്നാണ് പറയുന്നത്. മറ്റൊരു കാര്യം കൂടി ചോദിക്കട്ടെ, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രാക്ടീസിംഗ് ലായറാണ്. ഇവിടെ ഒരു അപ്പീലും ഒരു റഫറൻസുമാണ് ഉള്ളത്. ഓറൽ അപ്പീൽ കൊടുക്കാൻ ആർട്ടിക്കിൾ 226-ന് അധികാരമുണ്ട്: ആർട്ടിക്കിൾ 226 അനുസരിച്ച് എന്ത് അധികാരവും, ഏത് രീതിയിലും കോടതിക്ക് ഉപയോഗിക്കാൻ കോടതിയുടെ മുന്നിൽ ആരു വന്നു പറഞ്ഞാലും, പോസ്റ്റ് കാർഡിൽ അപ്പീൽ സ്വീകരിക്കാമെന്ന് തീരുമാനമെടുത്തിരുക്കുന്നതുപോലെ തന്നെ ആരു സമർപ്പിക്കുന്നതും.... 1934-ൽ ബഹുമാനപ്പെട്ട ബംഗാൾ കോടതി ഇതുപോലെ, ഒരു അപ്പീൽ സ്വീകരിച്ചു. അതിന് തീരുമാനമുണ്ടായി. അപ്പീലിന്റെ ഫൈനൽ ഓർഡർ വരുന്നതിനുമുമ്പ് ഇർറെപ്പയറബിൾ ലോസ് ഉണ്ടാകുമെന്ന ഒരു കാര്യത്തിൽ ബഹുമാനപ്പെട്ട സിംഗിൾ ജഡ്ജിന്റെ വിധി വാചകം അവസാനമായി ഒപ്പിട്ടു വരുന്നതിനുമുമ്പ് വിധി വാചകം പ്രസ്താവിച്ചു കഴിഞ്ഞാൽ, അതിൽ ഇർറെപ്പയറബിൾ ലോസ് ഉണ്ടായിക്കഴിഞ്ഞാൽ, ആ ലോസ് പരിഹരിക്കുന്നതിനു വേണ്ടി ഏത് പൗരനും അതിന്റെ അപ്പീൽ കോർട്ടിൽ ചെന്ന് എനിക്ക് എതിരായി വിധി വന്നിരിക്കുന്നു എന്നു പറയാനുള്ള അവകാശമുണ്ട്. അതിന് തീരുമാനമെടുക്കുന്നത് ആ ലേൺഡ് ഡിവിഷൻ ബഞ്ചാണ്. ഇവിടെ രണ്ട് പ്രശ്നങ്ങളുണ്ട്. ഇവിടെ ഒരു അപ്പീലും ഒരു റഫറൻസുമാണ്. ആ ഒരു റഫറൻസ് എന്നു പറയുന്നത് സിംഗിൾ ജഡ്ജ് നേരിട്ട് ചെയ്തിരിക്കുന്നു. രണ്ടാമത്തെ അപ്പീൽ ആ സിംഗിൾ ജഡ്ജിന്റെ റഫർ ചെയ്യാത്ത കാര്യങ്ങളിൽ എനിക്ക് എതിരായി പരാമർശങ്ങൾ ഉള്ളതുകൊണ്ട് അതിനെക്കുറിച്ചും ഞാൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നു എന്നതാണ്. അതുകൊണ്ട് ഈ സിംഗിൾ ജഡ്ജിന്റെ വിധി വാചകത്തിന്റെ ഒരക്ഷരംപോലും ഈ സഭയിൽ വിസ്തരിക്കുവാനോ ചർച്ചചെയ്യുവാനോ പാടില്ലെന്നാണ് റൂൾ 52 (vii) അനുസരിച്ച് പറയുന്നത്. അതിന്റെ interim order-ൽ നിൽക്കുന്നു. അത് ടൈപ്പ് ചെയ്ത് പ്രസ്താവിച്ച്, ഡിക്റ്റേറ്റ് ചെയ്തു സ്റ്റെനോഗ്രാഫർക്ക് കൊടുത്തതാണ്; ഡിവിഷൻ ബഞ്ചിന്റെ ഓർഡർ. സിംഗിൾ ബഞ്ചിന്റെ പരാമർശിക്കപ്പെടാത്ത അല്ലെങ്കിൽ റഫർ ചെയ്യാത്ത ഭാഗത്തെക്കുറിച്ച് ഗവൺമെന്റ് അപ്പീൽ കൊടുത്തിരിക്കുന്നു. അപ്പീൽ ഓറലായി സ്വീകരിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് അവിടെ ഇരിക്കുന്ന ഡിവിഷൻ ബഞ്ചാണ്. അവർ സ്വീകരിച്ച് ഉത്തരവു കൊടുത്തു. ആ ഉത്തരവ് അനുസരിച്ച് ഒരു കാരണവശാലും ഇത് ഈ സഭയിൽ ചർച്ച ചെയ്യുന്നത് തെറ്റാണ്; കീഴ്വഴക്കങ്ങൾക്ക് എതിരാണ്, പാരമ്പര്യത്തിന് എതിരാണ്. അതുകൊണ്ട് ഇത് തള്ളിക്കളയണം.

ശ്രീ. ഇ. കെ. നായനാർ: സർ, ഇവിടെ റൂൾ 52 (vii)-ൽ പറഞ്ഞത് The motion shall not deal with the matter which is under adjudication by a court of law having jurisdiction in any part of India; കീഴ്ക്കോടതിയുടെ വിധിയുടെ ഒരു ഭാഗം മാത്രം വച്ചാണ് അപ്പീൽ കൊടുത്തത്. ഇത് ജസ്റ്റിസ് സുകുമാരന്റെ ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്കും ശ്രീ. ബാലകൃഷ്ണപിള്ളക്കും തുടരാനുള്ള അവകാശമില്ലെന്നുള്ള വാദത്തെയാണ് അവർ ഖണ്ഡിക്കാൻ ശ്രമിക്കുന്നത്. അവർ പറയുന്നത് കോർട്ടിൽ കൊടുത്തിട്ടുണ്ട്.....ജസ്റ്റിസ് സുകുമാരന്റെ.....

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇതിന്റെ കണ്ടൻസി ലേക്ക് പോകുന്നത് ശരിയല്ല.

ശ്രീ. ഇ. കെ. നായനാർ: സർ, അതിലേക്ക് ഞാൻ പോകുന്നില്ല. ഭരണഘടനാ അനുഛേദം 104 അനുസരിച്ച് മുഖ്യമന്ത്രിയുടെ ഉപദേശ പ്രകാരം ഗവർണ്ണർ നിയമിക്കുന്ന മന്ത്രിയുടെ നിയമനം ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കാൻ ഹൈക്കോടതിക്ക് അധികാരമുണ്ടോ എന്നുള്ള ഒരൊറ്റ പ്രശ്നം. ആ ഒരൊറ്റ പ്രശ്നമാണ് അവിടെ വിട്ടിട്ടുള്ളത്. ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിയായി പ്രഖ്യാപിച്ചത് ഭരണഘടനാ ലംഘനമാണെന്ന് വിധിച്ചു കഴിഞ്ഞിരിക്കയാണ്. ആ കാര്യത്തിൽ റഫർ ചെയ്യുന്നില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ചെയ്ത പ്രസംഗം.....(ബഹളം).....

മി. സ്പീക്കർ: അങ്ങ് ഇപ്പോൾ പറഞ്ഞത് ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചു കഴിഞ്ഞു എന്നാണ്. അത് പാടില്ല.

ശ്രീ. ഇ. കെ. നായനാർ: സർ, അതേ സമയം മുഖ്യമന്ത്രി ഭരണഘടന ലംഘിച്ചു. ഇവിടെ ശ്രീ. ബാലകൃഷ്ണപിള്ള ചെയ്ത പ്രസംഗം ഭരണഘടനാവിരുദ്ധമാണെന്നുള്ള ഒരൊറ്റ പോയന്റാണ്. അതേ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺസ്റ്റിറ്റ്യൂഷൻ ലംഘിച്ചു. ശ്രീ. ബാലകൃഷ്ണപിള്ള പ്രസംഗിച്ചത് unconstitutional ആണ്. അതുകൊണ്ട് ഭരണഘടന ലംഘിച്ചതിന് ഇവിടെയിരിക്കാൻ അധികാരമില്ലെന്നാണ് ഞങ്ങൾ പറയുന്നത്. ഇവിടെ ഇരിക്കുന്നത് unconstitutional ആണ്. സർ, അതുകൊണ്ട് ഭരണഘടനാനുസൃതമായ സത്യപ്രതിജ്ഞാലംഘനം നടത്തി എന്ന് കോടതി പരാമർശിക്കപ്പെട്ട ശ്രീ. ബാലകൃഷ്ണപിള്ളക്ക് അവിടെ ഇരിക്കാൻ അവകാശമില്ല. അതുകൊണ്ട് രാജിവച്ച് പോകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണഘടനക്ക് വിരുദ്ധമായിട്ട് പ്രവർത്തിച്ച ആളാണല്ലോ. അതുകൊണ്ട് മുഖ്യമന്ത്രിയും രാജിവച്ചു പോകണം.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇത് വെറുമൊരു നിഴൽയുദ്ധം മാത്രമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ അഡ്ജൂഡിക്കേഷനിൽ ഇരിക്കുന്ന ഒരു കാര്യത്തെപ്പറ്റിയും ഈ അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിട്ടില്ല. ആ വാചകം വീണ്ടും ആവർത്തിച്ചു വായിച്ചാൽ മനസ്സിലാകും. 21-ാം തീയതി ജസ്റ്റീസ് സുകുമാരന്റെ സിംഗിൾ ബഞ്ച് 72 പേജുള്ള ഒരു വിധി പ്രസ്താവിച്ചിട്ടുണ്ട്, കോടതിയിൽ വായിച്ച ഒരു പബ്ലിക് ഡോക്യുമെന്റാണിത്. ആ വിധി പ്രസ്താവനയിലുള്ള രണ്ട് പ്രസ്താവനകൾ ഈ സംസ്ഥാനത്ത് ഒരു പുതിയ പ്രശ്നം ഉന്നയിച്ചിരിക്കുകയാണ്. അത് ചർച്ച ചെയ്യണമെന്നാണ് ഞാൻ പറഞ്ഞത്. ആ 72 പേജുള്ള പ്രസ്താവനയിൽ അദ്ദേഹം വിശദമായ പരിശോധന നടത്തി അതിൽ രണ്ടു കാര്യത്തിൽ ഫൈൻറിംഗ്സ് വന്നിരിക്കുകയാണ്. ആ findings, 1985 മേയ് 25-ാം തീയതി ശ്രീ. ആർ. ബാലകൃഷ്ണപിള്ള നടത്തിയ പ്രസംഗം ഭരണഘടനാ വിരുദ്ധമാണ്. അത് പ്രതിജ്ഞാലംഘനമാണെന്ന് അസന്നിഗ്ദ്ധമായി findings-ൽ ഉണ്ട്. ആ findings-നെ സംബന്ധിച്ച് ഇപ്പോൾ ഒരു അപ്പീലും ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ ഇല്ല. അതുപോലെ തന്നെ അങ്ങനെ പ്രതിജ്ഞാ ലംഘനം നടത്തിയ ശ്രീ. ബാലകൃഷ്ണ

LIBRARY ARCHIVES Kerala Legislative Assembly

പിള്ളയെ വീണ്ടും സത്യപ്രതിജ്ഞ ചെയ്യിച്ച മുഖ്യമന്ത്രിയുടെ നടപടി unconstitutional ആണ്. അതും അസന്നിഗ്ദ്ധമായ ഫൈൻറി ഗ്സ് ആണ്. അതിൻമേലും അപ്പീലില്ല. പക്ഷേ, കോടതിക്ക് , ഇവരോട് പുറത്തുപോകാൻ പറയാമോ എന്നുള്ള ഒരൊറ്റ പ്രശ്നത്തെപ്പറ്റിയാണ് ഡിവിഷൻ ബഞ്ച് അഭിപ്രായം ചോദിച്ചിരിക്കുന്നത്. അതുതന്നേയും ഓറലായി ആവശ്യപ്പെട്ടപ്പോഴാ അത് അപ്പീലായി സ്വീകരിച്ചിട്ടില്ല. നിങ്ങൾക്ക് വേണമെങ്കിൽ തിങ്കളാഴ്ച അപ്പീൽ സമർപ്പിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. അങ്ങനെ സമർപ്പിക്കാൻ പോകുന്ന ഒരു അപ്പീലിൻെറ കാര്യം പറഞ്ഞ്—ഇപ്പോഴാ കോടതിയുടെ മുന്നിൽ ഇല്ലാത്ത ഒരു അപ്പീലിൻെറ കാര്യം പറഞ്ഞ ഇത് സബ് ജുഡൈസ് ആണെന്നു പറയുന്നത ശരിയല്ല. ഇത് പബ്ലിക് ഡോക്യുമെൻറായി കഴിഞ്ഞിട്ടുള്ള സി ഗിരി ബഞ്ചിൻെറ 72 പേജുള്ള ജഡ്ജ്മെൻറ് ചർച്ച ചെയ്യാൻ ഈ സഭയ്ക്കു മാത്രമല്ല, സംസ്ഥാനത്തെ ഏതൊരു പൗരനും അവകാശമുണ്ട്. അത് സബ് ജുഡൈസ് ആണെന്ന് പറഞ്ഞുകൊണ്ട് ഇതിനെ നിഷേധിക്കുന്നത് സ്വന്തം ഉത്തരവാദിത്വത്തിൽനിന്ന് ഒളിച്ചു് ഓടി പോകാനുള്ള അടവാണ്. നിങ്ങൾ രാജി വച്ച് പുറത്തു പോകണം. ജസ്റ്റിസ് സുകുമാരൻ പറഞ്ഞത് നിങ്ങൾ ഈ അപ്പീൽ സമർപ്പിക്കുന്നതിൻെറ ഇടക്കാലഘട്ടത്തിൽ നിങ്ങൾക്ക് വേണമെങ്കിൽ രാജിവച്ച് പോകാം എന്നാണ് അദ്ദേഹം ഉപദേശിച്ചത്. അത് അനുസരിക്കാതെ നാണംകെട്ട് ഇങ്ങനെ ഇല്ലാത്ത അപ്പീലിൻെറ പേരിൽ ഈ ഒരു പ്രശ്നം ഇവിടെ ഉന്നയിക്കാൻപോലും അനുവദിക്കുകയില്ലെന്ന് പറയുന്നത് ഭീരുത്വമാണ്, നിയമവിരുദ്ധമാണ്, ജനങ്ങളോടുള്ള ഉത്തരവാദിത്വമില്ലായ്മയാണ്; ആ മന്ത്രിക്ക് രാജിവച്ച് പുറത്തു പോകാനുള്ള വൈമനസ്യം കൊണ്ടു മാത്രമാണ്. ഞങ്ങളുടെ അടിയന്തിര പ്രമേയത്തിൽ സബ് ജുഡീസ് ആയിട്ടുള്ള യാതൊന്നും ഇല്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ഒരു പ്രശ്നമേയുള്ളൂ. ഇവിടെ പ്രശ്നം അപ്പീലുള്ള ഏതെങ്കിലും കാര്യം ചർച്ച ചെയ്യുന്നു. ഇവിടെ പറഞ്ഞിരിക്കുന്നു സർ, ".....As the learned Advocate General submitted that he is making preparations to prefer an appeal, we will examine the question that may be brought before us in such appeal" അത്രയേ പറഞ്ഞിട്ടുള്ളൂ. ഇവിടെ പ്രശ്നമെന്താണു സർ? 226-ാം വകുപ്പു പ്രകാരം റിട്ട് പെറ്റിഷൻെറയടിസ്ഥാനത്തിൽ ഈ മുഖ്യമന്ത്രിയെ അല്ലെങ്കിൽ മന്ത്രിയെ നീക്കം ചെയ്യണമെന്നതിനെപ്പറ്റി വിധി മാത്രമേ വേണ്ടൂ. അത് ഇവിടെ പ്രശ്നമില്ല. ഇവിടെ പ്രശ്നം പ്രതിജ്ഞാലംഘനം നടത്തിയെന്ന് അസന്നിഗ്ദ്ധമായി മന്ത്രിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ധാർമ്മികമായി ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ മുഖ്യമന്ത്രിക്കും അതുപോലെതന്നെ ആർ. ബാലകൃഷ്ണപിള്ളക്കും മന്ത്രിമാരായി തുടരാൻ അവകാശമില്ല. ധാർമ്മികമോ പോകട്ടെ, നിയമപരമായിത്തന്നെ ഇതു ചർച്ച ചെയ്യണമെന്നു പറഞ്ഞാൽ ഒരു തെറ്റുമില്ല. ശ്രീ. ജോസ് ഇവിടെ ഒരു കാര്യം പറഞ്ഞു. ശ്രീ. ജോസ് പറഞ്ഞ 52 (7) [illegible]

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയെന്നു പറഞ്ഞു. എന്നാൽ സ്റ്റേ ഉണ്ടായിരുന്നില്ല സർ. മനഃപൂർവ്വമായി കോടതിയിൽ സ്റ്റേ ഉണ്ട്, അപ്പീൽ ഉണ്ട് എന്നു വരുത്തി ചർച്ച ഒഴിവാക്കുന്നതിനുവേണ്ടി ടെലിവിഷനേയും റേഡിയോ സെക്ഷനേയും മുഖ്യമന്ത്രി സ്വാധീനിച്ചു; വാർത്താമാദ്ധ്യമങ്ങളെ സ്വാധീനിച്ചു .....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഒരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത് ഈ റൂൾസ് പ്രകാരം അഡ്ജുഡിക്കേഷനിലാണോ എന്നുള്ളതാണ്? ഇത് അഡ്ജുഡിക്കേഷനിലാണ്, എന്തുകൊണ്ട്? ഇതിൽ പറയുന്നത് ....(ബഹളം).....

മി. സ്പീക്കർ: അല്ല, പറയുന്നത് കേട്ടില്ലെങ്കിൽ ചെയറിന് തീരുമാനമെടുക്കാൻ പറ്റുകയില്ല. ഈ പോയിന്റ് ഓഫ് ഓർഡർ സംബന്ധിച്ച് എന്താണ് ഇരുഭാഗത്തുനിന്നും പറയുന്നതെന്നു കേൾക്കാൻ പറ്റാതെ ചെയറിനു അതിനെക്കുറിച്ച് ഒരു തീരുമാനമെടുക്കാൻ പറ്റുകയില്ല. .....(ബഹളം)..... ഇരുഭാഗത്തുനിന്നും എന്താണ് പറയുന്നതെന്നു കേൾക്കാതെ എങ്ങനെ തീരുമാനമെടുക്കാൻ സാധിക്കും.....(ബഹളം)..... ഇതു സംബന്ധിച്ച് ഇവിടെ ഉന്നയിക്കപ്പെട്ട പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് അതിന്റെ പ്രസക്തമായ ഭാഗങ്ങൾ പറയാൻ ചെയർ എല്ലാവരെയും അനുവദിച്ചു.....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ റൂൾസിൽ പറയുന്നത് ".....under adjudication by a Court, whether that Court is a Single Bench or Division Bench....." .....(ബഹളം).....

മി. സ്പീക്കർ: എല്ലാ ഭാഗത്തുനിന്നും ഡസ്കിൽ അടിക്കുകയാണെങ്കിൽ പിന്നെ ഇങ്ങനെ കൊണ്ടുപോകുന്നതിൽ കാര്യമില്ല. ..... (ബഹളം)..... എല്ലാ ഭാഗത്തുനിന്നും സഭാനടപടികൾ ശാന്തമായി മുന്നോട്ടു കൊണ്ടുപോകാൻ തടസ്സപ്പെടുത്തുകയാണെങ്കിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയില്ല. സഭാനടപടികൾ മുന്നോട്ടു കൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ ശാന്തമായിരിക്കണം.....(ബഹളം)..... ഇവിടെ സഭാനടപടികൾ തടസ്സപ്പെടുത്താനാണ് ആഗ്രഹിക്കുന്നതെങ്കിൽ അതു പറയണം. ചെയറിന് ഇതു കേൾക്കാതെ എങ്ങനെ തീരുമാനമെടുക്കാൻ കഴിയും? .....(ബഹളം)..... ഇങ്ങനെ പോകുന്നത് വളരെ നിർഭാഗ്യകരമാണ്. വളരെ പ്രധാനപ്പെട്ട ഒരു പോയിന്റ് ഓഫ് ഓർഡർ വന്നുകഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് എക്സ്പ്ലനേഷൻ ചെയ്യാൻ ആരംഭിച്ച എല്ലാവരേയും ചെയർ അനുവദിച്ചു. ശ്രീ. ബേബി ജോൺ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ. സി. ഷൺമുഖദാസ്, പ്രതിപക്ഷ നേതാവ്, ഭരണപക്ഷത്തു നിന്നുള്ള ലാ മിനിസ്റ്റർ, ശ്രീ. എ. സി. ജോസ് തുടങ്ങി എല്ലാവരും പറയുന്നതും കേട്ടു. ഇനി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കണ്ടേ? .....(ബഹളം).....
ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളത് കേൾക്കണ്ടേ? .....
.....(ബഹളം).....

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഒരു സബ്മിഷൻ. പ്രതിപക്ഷത്തുള്ള അംഗങ്ങളേയും സംസാരിക്കാൻ അങ്ങ് അനുവദിച്ചു. അനുവദിച്ചതിനെത്തുടർന്ന് അവർ സംസാരിക്കുകയും ചെയ്തു. അതിന് ഗവൺമെന്റ് ഭാഗത്തുനിന്ന് പറയുന്നതുകൂടി കേൾക്കാൻ സൗകര്യമുണ്ടാകണം. അതിന് അങ്ങ് സൗകര്യം നൽകണം.
.....(ബഹളം).....

മി. സ്പീക്കർ: സഭയിൽ ആർക്കും ആരു പറയുന്നതും കേൾക്കാതിരിക്കുകയെന്ന രീതിയിൽ ബഹളമുണ്ടാക്കിയാൽ പിന്നെ മുന്നോട്ടു പോകേണ്ട കാര്യമില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ഇപ്പോൾ ഇതിനോടു ബന്ധപ്പെട്ട പ്രസക്തമായ എല്ലാ അഭിപ്രായങ്ങളും വന്നുകഴിഞ്ഞു. മുഖ്യമന്ത്രി 52 (7) അനുസരിച്ച് ഉന്നയിച്ച ആ പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് എല്ലാ ഭാഗത്തുനിന്നുമുള്ള അഭിപ്രായം അങ്ങ് കേട്ടുകഴിഞ്ഞു. അങ്ങയുടെ റൂളിങ്ങാണു സർ, ഇതിനകത്ത് ഇനി അവശേഷിക്കുന്നത്. ഇനി ഇതിനകത്ത് ഫർദറായിട്ട് എന്തെങ്കിലും കേൾക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രസക്തമായ എല്ലാ ഭാഗങ്ങളും വന്നു. ഡിവിഷൻ ബഞ്ച് ഇതു സംബന്ധിച്ച് ഒരു ഫൈൻറിങ്ങ് കോടതിയിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് കോടതി ഇതു സംബന്ധിച്ച യാതൊരു തിരുമാനവുമെടുത്തിട്ടില്ല. അങ്ങനെ ഒരു വിഷയത്തെ സംബന്ധിച്ചിടത്തോളം 52 (7) അനുസരിച്ചും 234 അനുസരിച്ചും സഭയിൽ ഉന്നയിക്കുന്നത് ശരിയല്ലെന്നുള്ളതിന് നിലവൻറായിട്ടുള്ള ഒരു റൂളാണ്. അതുകൊണ്ട് ഇതു സംബന്ധിച്ചുള്ള അങ്ങയുടെ റൂളിങ്ങ് ഉണ്ടായാൽ ഈ പ്രശ്നം അവസാനിക്കുന്നതാണ് സർ. .....(ബഹളം).....

ശ്രീ. ബേബി ജോൺ: സർ, ഗവൺമെൻറ് അപ്പീൽ കൊടുക്കുകയാണ്. ഫൈൻറിങ്ങ് ഇല്ലാതെ ആരെങ്കിലും അപ്പീൽ കൊടുക്കുമോ?
.....(ബഹളം).....
There is a finding. Government is going to file an appeal on that finding Till that appeal is filed, we have the liberty to discuss that in the House or anywhere in the Country.
.....(ബഹളം).....

മി. സ്പീക്കർ: ചെയർ ഒരു കാര്യം പറയുകയാണ്. ഇപ്പുറത്തുനിന്നു സംസാരിക്കുമ്പോൾ അപ്പുറത്തുനിന്നും, അപ്പുറത്തുനിന്നു സംസാരിക്കുമ്പോൾ ഇപ്പുറത്തും ഡസ്ക്കിലിടിച്ച് ബഹളമുണ്ടാക്കി ആരും പറയുന്നതു കേൾക്കാനില്ലെങ്കിൽ പിന്നെ സഭാനടപടികളുമായി മുന്നോട്ടു പോകുന്നതിൽ എന്താണ് അർത്ഥം? .....(ബഹളം).....
ഇതു സംബന്ധിച്ച് ഇവിടെ പറയാനുള്ള പ്രസക്തമായ പ്രശ്നങ്ങൾ പറയാൻ എല്ലാ മെമ്പർമാരേയും ആഗ്രഹിച്ച മുഴുവൻ ആളുകളേയും ചെയർ അനുവദിച്ചു. ഇതു സംബന്ധിച്ച് അഭിപ്രായം പറയുന്നത് തടസ്സപ്പെടുത്താൻ ചെയർ ആഗ്രഹിക്കുന്നില്ല. ഇതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചെയറിന് ഒരു തീരുമാനമെടുക്കണമെങ്കിൽതന്നെ അത് കേൾക്കണ്ടേ?
.....(ബഹളം).....
Now the Hon'ble Chief Minister is on his legs. He wants to say something about it. Let us hear him.....
.....(ബഹളം).....

മി. സ്പീക്കർ: ശ്രീ. പീതാംബരൻ മാസ്റ്റർ, ആരും പറയുന്നതു കേൾക്കണ്ടെന്നാണോ അങ്ങു പറയുന്നത്. ഇതു പറഞ്ഞതിനുശേഷം മുഖ്യമന്ത്രി ചില കാര്യങ്ങൾകൂടി പറയാൻ ആഗ്രഹിക്കുകയാണ്. അതു പറയാൻ ചെയർ അനുവദിച്ചിരിക്കുകയാണ്.....
.....(ബഹളം).....
ഈ സ്ഥിതിയിൽ തുടർന്നാൽ എങ്ങനെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. .....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സിംഗിൾ ബഞ്ച് അവസാനമായി തീരുമാനിച്ചിട്ടില്ല. സിംഗിൾ ബഞ്ച് റഫർ ചെയ്യാൻ പറഞ്ഞ കാര്യം ഡിവിഷൻ ബഞ്ച് പരിശോധിച്ചുകൊണ്ടിരിക്കുന്നു. ഇത് രണ്ടും അഡ്ജുഡിക്കേഷനിലായതുകൊണ്ട് ഓർഡറിലല്ല.....
.....(ബഹളം).....

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇവിടെ ഇത് ചട്ടപ്രകാരം യാതൊരു സബ് ജുഡിക്കേഷനും ഇല്ല ഈ പ്രശ്നം ചർച്ച ചെയ്യുന്നതിൽ. അതിനുള്ള പ്രധാന കാരണം ഭരണഘടനയുടെ ആർട്ടിക്കിൾ 164 അനുസരിച്ച് കാസ്റ്ററിന്റെ ഓഫ് ആക്ടിന്മേൽ ഫൈനൽ ഡിസിഷൻ വന്നു. എവിഡൻസ് എടുത്തിട്ടാണ്. സിംഗിൾ ജഡ്ജി എവിഡൻസ് എടുത്തിട്ട് he has came to a final decision. ആ ഡിസിഷൻ എന്താണെന്നു പറഞ്ഞാൽ ആർട്ടിക്കിൾ 164-നെ വയലേറ്റ് ചെയ്തിരിക്കുന്നു എന്നതാണ്. തേഡ് ഷെഡ്യൂളിലെ ഓത്ത് ഓഫ് ഓഫീസ് നടത്തുന്ന കാര്യത്തിൽ ആർട്ടിക്കിൾ 164 വയലേറ്റ് ചെയ്തിരുന്നു. ഈ concerned Minister, he has violated the Constitution. അത് എങ്ങനെ? വെറും അഫിഡവിറ്റിന്മേലല്ല. He has recorded the evidence.....
..... (ബഹളം).....
അങ്ങനെ തെളിവെടുത്തു തീരുമാനിച്ചതിൻമേൽ ഇതേവരെ അപ്പീൽ ഇല്ല. ഈ നിമിഷം വരെ ഗവൺമെന്റ് ആ ഫൈൻറിങ്ങിന്റെ മേൽ അപ്പീൽ കൊടുത്തിട്ടില്ല. അതുകൊണ്ട് ചർച്ച ചെയ്യുന്നതിന് യാതൊരു വിരോധവുമില്ല. നിയമപരമായി യാതൊരു തടസ്സവുമില്ല. മനഃപൂർവ്വം ഈ ഗവൺമെന്റ് നീട്ടിക്കൊണ്ടുപോവുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നത് റിലവൻറായിട്ടുള്ള പൊസിഷൻ അല്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ചിടത്തോളമുള്ള ഫാക്ട് ഇവിടെ റഫർ ചെയ്യാൻ പാടില്ലെന്ന് വളരെ ക്ലിയറായി റൂളിൽ പറയുന്നുണ്ട്. 52 (7)-ലും 284 (1)-ലും പറയുന്നതനുസരിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തിന്റെ ഫാക്ട്സ് ഇവിടെ റഫർ ചെയ്യാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട. വർക്കല രാധാകൃഷ്ണൻ ഫാക്ടസിലേക്കാണ് കടക്കുന്നത്. അതുകൊണ്ട് ഇത് റിലവൻസ് അല്ല. അത് അനുവദിക്കാൻ പാടില്ല. .....(ബഹളം).....

(തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ ഡയസിനു മുൻപിലുള്ള ഭാഗത്തേക്കു നീങ്ങിക്കൊണ്ട് ശ്രീ. കെ. കരുണാകരനും ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്കും എതിരായി മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഏതായാലും സഭാനടപടികൾ തടസപ്പെടുത്തുകയാണെങ്കിൽ നടപടികൾ കുറച്ചു നേരത്തേക്ക് മാറ്റിവയ്ക്കാതെ നിവൃത്തിയില്ല. ചെയർ ഏതായാലും ഈ സഭാനടപടികൾ നടത്തിക്കൊണ്ടു പോകുന്നതു സംബന്ധിച്ച് കക്ഷി നേതാക്കൻമാരുമായി ചർച്ച ചെയ്യാൻ ആഗ്രഹിക്കുകയാണ്. അതിനുശേഷമേ മുന്നോട്ടു പോകുന്നുള്ളൂ. സഭ അൽപ്പ സമയത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്.

(സഭ രാവിലെ 10.12-ന് പിരിയുകയും 11.39-ന് വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ചെയ്തു.)

മി. സ്പീക്കർ: ഇന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പ്രസക്തമായ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്. അതുപോലെ പ്രസക്തങ്ങളായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റു ചില അംഗങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ളതും. ഏതായാലും ഇതു സംബന്ധിച്ച് വിശദമായ ഒരു പരിശോധന ആവശ്യമാണെന്നുള്ളതുകൊണ്ട് റൂളിങ്ങ് ഇപ്പോൾ പറയുന്നില്ല. റൂളിംഗ് മാറ്റിവച്ചിരിക്കുകയാണ്. സഭയുടെ മാറ്റു നടപടികളുമായി മുന്നോട്ടു പോകുകയാണ്. (ഈ സമയം പ്രതിപക്ഷ അംഗങ്ങൾ സീറ്റിൽനിന്ന് എഴുന്നേറ്റ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നു നിന്നുകൊണ്ട് ഉച്ചത്തിൽ മുദ്രാവാക്യം വിളി തുടങ്ങി).

(ശദ്ധക്ഷണിക്കൽ പ്രമേയങ്ങൾ ആരും അവതരിപ്പിച്ചില്ല)

III. മേശപ്പുറത്തു വച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. 1986 ജൂലായ് 23-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 236/86/ജി.എഡി. (എസ്.ആർ.ഒ. നമ്പർ 1528/86).

2. 1985 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന വർഷത്തിലെ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ. എം.) കേരള ലിമിറ്റഡിന്റെ പത്താം വാർഷിക റിപ്പോർട്ട് റിവ്യൂ സഹിതം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly